**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6418** **20-03-2023 - ൽ മറുപടിയ്ക്ക്**

**കച്ചേരി പ്രദേശത്തുള്ള കുഴൽ കിണർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കുത്തുപറമ്പ് നിയോജക മണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിൽ വനത്തിന് പുറത്ത് റോഡുകളോ കിണറുകളോ മറ്റ് സ്ഥാപനങ്ങളോ നിലവിലുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | കണ്ണൂർ വനം ഡിവിഷനിലെ കണ്ണവം റെയിഞ്ചിന്റെ പരിധിയിൽ കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പൊയിലൂർ എന്ന സ്ഥലത്ത് പി.ആർ. സ്മാരക പ്രകൃതി പഠന കേന്ദ്രം വനം വകുപ്പിന്റെ അധീനതയിലുണ്ട്. പ്രസ്തുത കെട്ടിടം വനം വകുപ്പിന്റെ അധീനതയിലാണെങ്കിലും കെട്ടിടം സ്ഥിതി ചെയ്യുന്നത് സ്വകാര്യ സ്ഥലത്താണ്. പ്രസ്തുത നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതിയൽ വനത്തിനുപുറത്ത് റോഡുകളോ കിണറുകളോ ഇല്ല. |
| (ബി) | തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ സെൻട്രൽ പൊയിലൂരിൽ കച്ചേരി പ്രദേശത്തുള്ള കുഴൽ കിണർ വനം വകുപ്പിന്റെ അധീനതയിലുള്ളതാണോ; എങ്കിൽ പ്രസ്തുത കുഴൽ കിണറിൽ നിന്നും വെള്ളമെടുക്കുന്ന മുപ്പതോളം കുടുംബങ്ങൾക്ക് ടാങ്കും മോട്ടോറും സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിക്കുമോ; വിശദമാക്കുമോ; | (ബി) | കണ്ണൂർ വനം ഡിവിഷനിലെ കണ്ണവം റെയിഞ്ചിന്റെ പരിധിയിൽ കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ സെൻട്രൽ പൊയിലൂരിൽ കച്ചേരി പ്രദേശത്തുള്ള കുഴൽ കിണർ വനം വകുപ്പിന്റെ അധീനതിയിൽ അല്ല. |
| (സി) | പ്രസ്തുത കുഴൽ കിണർ പഞ്ചായത്തിന് കൈമാറുന്നതിന് തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (സി) | മേൽ ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ